**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 21** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജുകളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജ്യോതികുമാർ ചാമക്കാല ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ മുൻ സർക്കാർ പരാജയപ്പെട്ടത് മൂലം ചികിത്സ തേടുന്നവർ പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രോഗികൾ നിലത്ത് കിടക്കുന്ന ദുരവസ്ഥ ഒഴിവാക്കുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ആയത് പരിഹരിച്ചു വരുന്നു. കാലാകാലങ്ങളിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗികളുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടെങ്കിലും ഈ സർക്കാർ വന്നതിനുശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി പൈലറ്റ് പ്രോജക്ട് ആയി എടുത്ത് ഒഴിവുള്ള ബെഡിൽ രോഗികളെ കിടത്തി ഒരാൾ പോലും നിലത്തു കിടക്കാനുള്ള സാഹചര്യം ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഈ സൗകര്യം കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും നടപ്പിൽ വരുത്തുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാശുപത്രികളെയും താലൂക്കാശുപത്രികളെയും ശാക്തീകരിച്ച്, മെഡിക്കൽ കോളേജുകളിൽ ലഭ്യമായ കിടക്കകളിൽ കൂടുതൽ വരുന്ന രോഗികളെ ചികിത്സ നൽകിയ ശേഷം ബാക്ക്-റഫറൽ സംവിധാനം വഴി ഈ രോഗികളെ അവരവരുടെ വീടിനടുത്തുള്ള ജില്ലാ താലൂക്ക് ആശുപത്രികളിൽ തുടർ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് നികത്താനായി, സ്പെഷ്യലിറ്റി ബിരുദം ഉള്ള ജനറൽ കേഡറിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ സേവനം ബന്ധപ്പെട്ട സ്പെഷ്യലിറ്റികളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ജില്ലാ-താലൂക്ക് ആശുപത്രികളെ ശാക്തീകരിച്ചു ബാക്ക്-റഫറൽ സംവിധാനം ശക്തിപ്പെടുത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. നിലവിൽ ജില്ലാ താലൂക്ക് ആശുപത്രികളിൽ വിവിധ ഫണ്ടുകളുപയോഗിച്ച് ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ച് ഉദ്ഘാടനം നടത്തി വൈദ്യുതി, വെള്ളം, അനുബന്ധ സൗകര്യങ്ങൾ, ഉപകരണങ്ങൾ, മതിയായ ജീവനക്കാർ, എന്നിവ ഇല്ലാതെ

പ്രവർത്തനക്ഷമമല്ലാതെ കിടക്കുകയാണ്. ഇത്തരം കെട്ടിടങ്ങളെയും പ്രവർത്തന സജ്ജമാക്കി രോഗീ പരിചരണത്തിനുപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പല ജില്ലാ താലൂക്ക് ആശുപത്രികളിലും ഐസൊലേഷൻ വാർഡുകൾ ഡയാലിസിസ് യൂണിറ്റ് എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ പ്രവർത്തനം തുടങ്ങാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ സമയബന്ധിതമായി പ്രവർത്തന സജ്ജമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** 2016 – ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തു പ്രവർത്തനം നിർത്തിവച്ച തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പുനഃരാരംഭിക്കുന്നതിനും ഈ വർഷം തന്നെ അഡ്മിഷൻ നടപടികൾ ആരംഭിക്കുന്നതിനും, ഹരിപ്പാട് പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുമുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. ഇതിലേക്കാവശ്യമായ തുക മാറ്റിവച്ചതായി 2026-27 ലെ റിവൈസ്ഡ് ബഡ്ജറ്റിൽ പ്രത്യകം പരാമർശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**